പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2211 — 05.12.2018 ൽ മറുപടിക്ക്

**ഓച്ചിറ കമ്യൂണിറ്റി ഹെൽത്ത് സെന്റർ**

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഓച്ചിറ കമ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സാ സംവിധാനമില്ലാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ), (ബി) & (സി) | ആർദ്രം പദ്ധതിയുടെ ഭാഗമായി വിവിധ ആരോഗ്യ സ്ഥാപനങ്ങളെ ഘട്ടംഘട്ടമായി തെരെഞ്ഞെടുത്ത് ഇവിടെ അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തിക സൃഷ്ടിച്ചും രോഗീസൗഹൃദമാക്കുക എന്നതാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ ബ്ലോക്ക് തല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആകയാൽ ഈ ഘട്ടത്തിൽ ഇവിടെ കിടത്തി ചികിത്സ ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിഗണനയിലില്ല.<br><br>നിലവിൽ ഓച്ചിറ കമ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരുടെ 5 ഉം നേഴ്സുമാരുടെ 2 ഉം അനുവദനീയ തസ്തികകളാണ് ഉള്ളത്. ഈ തസ്തികകളിലെല്ലാം തന്നെ ഡോക്ടർമാരേയും നേഴ്സുമാരെയും വിന്യസിച്ചിട്ടുണ്ട്. ഇതു കൂടാതെ പഞ്ചായത്തു മുഖേന ഒരു ഡോക്ടറെക്കൂടി നിയമിച്ച് ടി ആശുപത്രിയിൽ രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണി വരെ മെച്ചപ്പെട്ട സേവനം നല്കി വരുന്നു.<br><br>ആർദ്രം പദ്ധതിയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി.രജിസ്ട്രേഷൻ സ്വകാര്യതയോടു കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിങ് സിസ്റ്റം, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, ഇരിപ്പിടം, ടോയ്‌ലെറ്റ്, ഡോക്ടർമാരുടെ സേവനം, നഴ്സിംഗ് പ്രീചെക്ക് കൗൺസിലിംഗ് 6 മണിവരെയുള്ള ഒ.പി.സൗകര്യങ്ങൾ, ലബോറട്ടറി തുടങ്ങിയവയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും കുറവ് പരിഹരിച്ച് കിടത്തി ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | | |
| (സി) | പ്രസ്തുത ആരോഗ്യകേന്ദ്രത്തെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ എന്തെല്ലാം മാറ്റങ്ങളുണ്ടാകുമെന്ന് വിശദീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ